Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനിയർ - എ ശ്രീ. സുബിദ് കെ.എസ്., എസ്.വി. ഭവൻ, വളാഞ്ചേരി എന്നവരെ 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(8) പ്രകാരം ഭാവിയിലെ രജിസ്ട്രേഷനിൽ നിന്ന് അയോഗ്യനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

നമ്പർ ഇ - 1961/2014 | തിയ്യതി, കോഴിക്കോട്, 07.06.2016

==========================================================================

പരാമർശം:- 1. സർക്കാരിന്റെ 14/05/2014 ലെ 13271/ആർ.ബി.3/2013/ത.സ്വ.ഭവ നമ്പർ കത്ത്
2. മലപ്പുറം ടൗൺ പ്ലാനറുടെ 11/7/2013 ലെ എ3/2529/2012 നമ്പർ കത്ത്.
3. വളാഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/11/14 ലെ എ4/11052/14 നമ്പർ കത്ത്
4. ഈ ഓഫീസിൽ നിന്നും 2/12/14 തിയതിയായി ശ്രീ. സുബിദ്. കെ.എസിന് നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ഈ ഓഫീസിലെ 22/9/2015 ലെ ഇതേ നമ്പർ നോട്ടീസ്
6. കോഴിക്കോട് ഹെഡ് പോസ്റ്റോഫീസ് സിനീയർ പോസ്റ്റ്മാസ്റ്ററുടെ 16/12/2015 ലെ അഡ്രസ്സിസ് റസീപ്റ്റ് സംബന്ധിച്ച സാക്ഷ്യപത്രം
7. വളാഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 28/3/16 ലെ എ4-2333/16 നമ്പർ കത്ത്

------

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഗ്രാമ പഞ്ചായത്തിൽ (നിലവിൽ നഗരസഭ) കാട്ടിപ്പരുത്തി വില്ലേജ് റീ.സ. 349/3 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ചോലമുഖത്ത് ഹംസ മകൻ ഹമീദ് എന്നവർക്ക് വേണ്ടി ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ - എ ആയ ശ്രീ. സുബിദ്. കെ. എസ്. (Reg. No. E-2050/08/980/KKD/70/EA) തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത് എന്നും പ്രസ്തുത കെട്ടിട നിർമ്മാണ സൈറ്റ്, വളാഞ്ചേരി പഞ്ചായത്തിലെ ബന്ധപ്പെട്ട ഫയൽ എന്നിവ മലപ്പുറം ടൗൺ പ്ലാനർ പരിശോധിച്ചതിൽ ടിയാന്റെ ഉത്തരവാദിത്വത്തിൽ നടത്തിയ കെട്ടിട നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ 35, 38, 44, 47, 51, 52, 112, 117, 104 എന്നീ ചട്ടങ്ങളും, Chapter XIX ലെ വ്യവസ്ഥകളും പൂർണ്ണമായും ലംഘിച്ചിട്ടുള്ളതായും പരാമർശം (2) പ്രകാരം മലപ്പുറം ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ചട്ട ലംഘനങ്ങൾ ചൂണ്ടിക്കാട്ടി 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ) ചട്ടം 153(7), (8) ന് വിധേയമായി 4-ാം പരാമർശ പ്രകാരം

ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയത് 10/12/14 തിയതിയിൽ കക്ഷി കൈപ്പറ്റ. യതായി ഈ ഓഫീസിൽ ലഭിച്ച അക്നോളജ്മെന്റ് പ്രകാരം വ്യക്തമാണെങ്കിലും ആയതിന് മറുപടി ലഭിക്കാത്തതിനാൽ പരാമർശം (5) പ്രകാരം ടിയാന് വീണ്ടും നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസ് 03/10/2015 തിയതിയിൽ ടിയാൻ കൈപ്പറ്റിയതായി പരാമർശം (6) പ്രകാരം കോഴിക്കോട് പോസ്റ്റോഫീസ്, സിനീയർ പോസ്റ്റ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടീസിനും ടിയാന്റെ ഭാഗത്ത് നിന്നും പ്രതികരണമുണ്ടായിട്ടില്ല.

ശ്രീ. സുബിദ്. കെ.എസിന്റെ രജിസ്ട്രേഷൻ 21/4/2012 ന് കാലാവധി പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ 21/4/2012 ന് ശേഷം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേർഡ് എഞ്ചിനീയർ എന്ന നിലയിൽ പ്ലാനോ, കംപ്ലീഷൻ പ്ലാനോ ടിയാൻ വളാഞ്ചേരി പഞ്ചായത്തിലോ, പിന്നീട് നിലവിൽ വന്ന വളാഞ്ചേരി നഗരസഭയിലൊ സമർപ്പിച്ചിട്ടില്ല എന്നും, വളാഞ്ചേരി നഗരസഭാ പരിധിയിൽ ടിയാൻ പ്രാക്ടീസ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന വിവരവും പരാമർശം (7) പ്രകാരം വളാഞ്ചേരി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ ഓഫീസിൽ നിന്നും നൽകിയ പരാമർശം (4), (5) പ്രകാരമുള്ള നോട്ടീസുകൾക്ക് ടിയാൻ മറുപടി സമർപ്പിക്കാത്ത സാഹചര്യത്തിൽ ടി നോട്ടിസിൽ ആരോപിച്ചിട്ടുള്ള ചട്ട ലംഘനങ്ങൾ ടിയാൻ അംഗീകരിച്ചതായി അനുമാനിക്കാവുന്നതാണ്. മേൽ പരാമർശിത ചട്ട ലംഘനങ്ങൾ കൂടാതെ 17/01/12 തിയതിയിലെ എ4/01/2012 നമ്പർ പ്രകാരം ടി കെട്ടിടത്തിന് മുകളിൽ മൂന്നാം നില, നാലാം നില എന്നിവ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഈ അപേക്ഷയോ ടൊപ്പം സമർപ്പിച്ച പ്ലാനിൽ അനധികൃതമായി നിർമ്മിച്ച സെക്കന്റ് ഫ്ളോർ അംഗീകൃത കെട്ടിടമായിട്ടാണ് കാണിച്ചിരിക്കുന്നത് എന്നും ആയത് ഗുരുതരമായ ക്രമക്കേടായി കാണേണ്ടതുണ്ട് എന്നും പരാമർശം (2) റിപ്പോർട്ടിൽ മലപ്പുറം ടൗൺ പ്ലാനർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ വസ്തുതകൾ പരിഗണിച്ചാൽ തീർത്തും നിരുത്തരവാദപരമായ സമീപനമാണ് രജിസ്ട്രേർഡ് എഞ്ചിനീയർ - എ ശ്രീ. സുബിദ് കെ.എസ് ന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത് എന്നത് വ്യക്തമാണ്. പ്ലാനുകളും ഡ്രോയിംഗുകളും ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ് എന്നതിനാലും, പ്ലാനിലും ഡ്രോയിംഗിലും, വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുക യും, ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും സത്യാവസ്ഥയ്ക്കും ചട്ടം 153 ലെ വ്യവസ്ഥകൾ പ്രകാരം ഉത്തരവാദിയാണ് എന്നതിനാലും മേൽ പ്രകാരമുള്ള ചട്ട ലംഘനങ്ങൾക്ക് ശ്രീ. സുബിദ് കെ.എസ്. ഉത്തരവാദിയാണ് എന്ന് വ്യക്തമാണ്. മലപ്പുറം ടൗൺ പ്ലാനറുടെ 2-ാം പരാമർശിത റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള വിധം ഗുരുതരമായ ക്രമക്കേടുകളും, ചട്ട ലംഘനങ്ങളും സഹിതം പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതു വഴിയും, ആയത് ചൂണ്ടികാട്ടി ഈ ഓഫീസിൽ നിന്നും നൽകിയ കാരണം കാണിക്കൽ

നോട്ടീസിന് മറുപടി സമർപ്പിക്കാത്തതു വഴിയും ടിയാൻ 1999 ലെ കെ.എം.ബി.ആർ. പ്രകാരമുള്ള എഞ്ചിനീയർ-എ രജിസ്ട്രേഷന് അയോഗ്യനാണ് എന്ന് കാണുന്നു. കൂടാതെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ശ്രീ. സുബിദ്. കെ.എസ്, 21/4/12 ന് ശേഷം ടിയാന്റെ എഞ്ചിനീയർ - എ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം ശ്രീ. സുബിദ്. കെ.എസ്. എന്നവരുടെ ഭാഗത്തു നിന്നുണ്ടായ വിവിധ ക്രമക്കേടുകളിൽ 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(8) അനുസരിച്ച് ശ്രീ. സുബിദ് കെ.എസ്., എസ്. വി. ഭവൻ വളാഞ്ചേരി എന്നവരെ, 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചാപ്റ്റർ 21 ൽ പറയുന്ന ആർക്കിടെക്റ്റുകൾ, എഞ്ചിനീയർമാർ, ടൗൺ പ്ലാനർമാർ തുടങ്ങിയവയുടെ രജിസ്ട്രേഷൻ സംബന്ധമായ നടപടികളിൽ നിന്നും ഭാവിയിൽ സ്ഥിരമായി അയോഗ്യത കൽപിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ 1999 ലെ കെ.എം.ബി.ആർ അനുശാസിക്കുന്ന എഞ്ചിനീയർ - എ യുടെ യാതൊരുവിധ ചുമതലകളും ഈ ഉത്തരവ് തിയ്യതി മുതൽ ടിയാന് ഉണ്ടായിരിക്കുന്നതല്ല എന്നും ഇതിനാൽ ഉത്തരവാകുന്നു.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

1) ശ്രീ. സുബിദ്.കെ.എസ്., എസ്.വി. ഭവൻ, വളാഞ്ചേരി, മലപ്പുറം - 676552

പകർപ്പ് :

1) ഗവ. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ പത്രം സഹിതം)
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി ആമുഖ പത്രം സഹിതം)
3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല
5) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
7) കരുതൽ ഫയൽ

K.R 13/06